# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1567 | 13.6.2014-ൽ മറുപടിക്ക്

### മാലിന്യ സംസ്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യസംസ്കരണശാലകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ള സംസ്കരണശാലകൾ ആധുനികവൽക്കരിക്കുന്നതിനും സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി വീടുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, കല്ല്യാണ മണ്ഡപങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന മാലിന്യസംസ്കരണ പദ്ധതികൾക്ക് ഉയർന്ന തരത്തിലുള്ള സബ്സിഡി നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പ്രോത്സാഹനം നൽകി വരുന്നു. |
| ബി) എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യസംസ്കരണ പ്രവർത്തനം സ്വന്തമായി നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കുമോ; | ബി) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മാലിന്യസംസ്കരണത്തിനാവശ്യമായ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. |
| സി) മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് എന്തെങ്കിലും സാമ്പത്തികസഹായം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര തദ്ദേശ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുന്നുവെന്ന് വ്യക്തമാക്കുമോ ? | സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള പ്ലാന്റുകളുടെ അറ്റകുറ്റപ്പണികൾക്കും പദ്ധതികൾ സമർപ്പിക്കുന്ന മുറയ്ക്ക് അനുമതിയും സാമ്പത്തികസഹായവും നൽകി വരുന്നു. കൂടാതെ ഉറവിടമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 64 നഗരസഭകൾക്കും ഏകദേശം എണ്ണൂറോളം ഗ്രാമപഞ്ചായത്തുകൾക്കും ആദ്യഘട്ട ഉറവിടമാലിന്യ പദ്ധതികൾക്ക് അംഗീകാരവും സാമ്പത്തിക സഹായവും കഴിഞ്ഞ 3 വർഷത്തിനകം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ